# ഗവ. ഹയർസെക്കൻഡറി സ്കൂൾ

## ആറളം



# വർണ്ണങ്ങൾ

ലിറ്റിൽ കൈറ്റ്സ്

little KITEs

ഡിജിറ്റൽ മാഗസിൻ

2023-24



ശ്രീമതി ബീന എം കണ്ടത്തിൽ

പ്രിൻസിപ്പാൾ



ശ്രീ മുഹമ്മദാലി ടി കെ

ഹെഡ്മാസ്റ്റർ

# എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

| | |
|---|---|
| ചീഫ് എഡിറ്റർ | ശ്രീ മുഹമ്മദാലി ടി കെ(ഹെഡ്മാസ്റ്റർ) |
| സ്റ്റാഫ് എഡിറ്റർ | ശ്രീമതി പ്രവീണ വി സി (കൈറ്റ് മിസ്ട്രസ്) |
| സ്റ്റുഡന്റ് എഡിറ്റർ | കുമാരി. ഫാത്തിമത്ത് സഫ അക്കരമ്മൽ |
| കവർ ഡിസൈൻ | ശ്രീ അജേഷ് പി ജി( കൈറ്റ് മാസ്റ്റർ) |

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്



# താളുകളിൽ

1.പ്രതീക്ഷയിലൂടെ നടന്നു

2.തുറന്നുപറച്ചിൽ

3.തണൽ മരം

4.മഴ പറയുന്നു

5.അവൾ തിരിഞ്ഞു നോക്കി

6.ആ നോട്ടം

7.Malala Yousafzai

8.കാറ്റ് കൊണ്ടുവന്നത്

9.ആരോഗ്യം - നമ്മുടെ നാട് നേരിടുന്ന വെല്ലുവിളികൾ

10.കോവിഡ് പകർന്ന പാഠങ്ങൾ

11.Moon Light

12.My dream is blooming at last




കഥ

നഗരത്തിലെ ചെറിയൊരു ഗ്രാമത്തിൽ ആയിരുന്നു അവൾ. അവളുടെ കൂടെ എല്ലാവരും ഉണ്ടായെങ്കിലും ആരുമില്ല എന്ന് തോന്നുന്നു. അവളെ വല്ലാതെ അലട്ടുന്നുണ്ടായിരുന്നു. പള്ളിക്കൂടങ്ങളിലും വീട്ടിലും ഒറ്റപ്പെടൽ അനുഭവിച്ച ജീവിക്കുന്നവളാണ് കഥാ നായിക. അവൾക്ക് ഉറ്റ സുഹൃത്തുക്കളോ കൂട്ടുകാരികളും ആരും തന്നെ ഇല്ല. ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ഒറ്റപ്പെടൽ അനുഭവിച്ച അവൾക്ക് തനിക്കിഷ്ടമുള്ള പോലെ ജീവിക്കാനുള്ള സ്വാതന്ത്ര്യം കിട്ടിയിരുന്നില്ല. എല്ലാം തന്നെ അവളുടെ ജാതക കുഴപ്പമാണെന്ന് കരുതി ആശ്വസിക്കുകയാണ്. അവളുടെ സ്വാതന്ത്ര്യം രചിക്കാൻ വേണ്ടി അവൾ എല്ലാവരെയും ഉപേക്ഷിച്ച് വീട് വിട്ടിറങ്ങി. എത്ര തന്നെ സ്വാതന്ത്ര്യം ഇല്ല എന്ന് പറഞ്ഞാലും അവൾക്ക് വസ്ത്രം ഇടാതെ ജീവിക്കേണ്ടി വന്നില്ല. ഭക്ഷണം കിട്ടാതെ കഷ്ടപ്പെട്ടിരുന്നില്ല.

എന്നാൽ ഇപ്പോഴാണ് അവൾ വിശപ്പിന്റെ

വില മനസ്സിലാക്കിയത്. ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി അലയുന്ന തെരുവുകളിലെ കുട്ടികളുടെയും വൃദ്ധൻമാരുടെയും ചിത്രം അവളുടെ മനസ്സിൽ വന്നെത്തി നോക്കുന്നുണ്ടായിരുന്നു. അവളുടെ ആ ഒരു നിമിഷത്തിൽ മുന്നിൽ വന്നു നിൽക്കുകയാണ്. അപ്പോഴാണ് അവൾക്ക് അവളുടെ മുത്തശ്ശിയുടെ വാക്കുകൾ ഓർമ്മ വന്നത്. എല്ലുമുറിയെ പണിയെടുത്ത് പല്ലു മുറിയെ തിന്നാം അങ്ങനെ അവൾ ഒരു തട്ടുകടയിൽ ചെന്ന് ജോലിക്കായി ആവശ്യപ്പെട്ടു.

പാത്രങ്ങൾ കഴുകി വൃത്തിയാക്കിയ ശേഷം ഒരു അമ്പത് രൂപ അവളുടെ കയ്യിൽ വച്ചു കൊടുത്തു. അത് തിരികെ കൊടുത്തുകൊണ്ട് ഭക്ഷണത്തിന് വേണ്ടി ചോദിച്ചു. അത് കഴിച്ചു വയർ നിറച്ച് സന്തോഷത്തോടെ മുന്നോട്ട് നീങ്ങി. വീട്ടിലേക്ക് തിരികെ പോകണമെന്നുണ്ടെങ്കിലും മനസ്സ് സമ്മതിക്കുന്നുണ്ടായിരുന്നില്ല. ജോലിചെയ്ത് ആരെയും ഭയപ്പെടാതെ ജീവിക്കണം എന്നുള്ളത് അവളുടെ ഒരു വാശിയായി തീർന്നു. അങ്ങനെ മരണത്തെ മുന്നിൽ കണ്ടുകൊണ്ട് തന്നെ അവൾ പ്രതീക്ഷയിലൂടെ മുന്നോട്ടു നീങ്ങി...

നാജിയാ തസ്നിം
പ്ലസ് ടു കോമേഴ്സ്

# തുറന്നുപറച്ചിൽ



ഷെൽഫിലൊളിച്ച പുസ്തകത്തിന്റെ
വേരുകൾ വെള്ളമൊഴിക്കാതെയും
വളരുന്നുണ്ട്
ചായിപ്പിൽ ചെരിഞ്ഞ ചിതലുകൾ
പുസ്തകത്താളിൽ
പാർപ്പിടമാക്കിയത്രേ...
വിയർപ്പൊഴുക്കി വാക്കുകൾ
പേനയ്ക്ക് മുന്നിൽ
ബലഹീനമായി പ്രതിഷേധം
മുഴക്കുന്നുണ്ട്
പഠിച്ച അക്ഷരങ്ങൾ
ചിതറിത്തെറിച്ച
പുതിയ വാക്യങ്ങൾ കയറിയിട്ടുണ്ട്
മരിച്ചിടം പോലെ പുസ്തകങ്ങൾ
വാവിട്ടലറി കരഞ്ഞിരിപ്പാണ്.
പടതച്ചിട്ട വരികൾ പുതപ്പിട്ടു മൂടി.
മാറെപ്പേറി  മാറാല പറഞ്ഞ
കഥകൾ
മടുപ്പാടി മതിലുകൾ തീർത്തു

പൊടിയാൽ പീഡനമേറ്റ് പുസ്തകം
പിടയാൻ തിടുക്കം കൂട്ടുന്നുണ്ട്
പ്രകൃതിയും പച്ചപ്പും പ്രണയവും
വിരഹ സന്തോഷ സഹന
പാതയും
വരികളിൽ വിരിയിച്ച
വാതായനമത്രയും
വിധിയാൽ വിറപൂണ്ട് വേദി വിട്ടു
ശൂന്യമാം ഷെൽഫിൽ
നിറഞ്ഞതൊക്കെയും
സ്ക്രീനിൽ തടവിയാൽ
തെളിഞ്ഞുവരുമിന്ന്
ഭാരമായി പുസ്തകം
മാറ്റിനിർത്തിയാൽഭീരുവായി
മനുജനും മണ്ണിൽ അലിഞ്ഞിടും

[redacted]

കഥ

ചെറുപ്പത്തിൽ തന്നെ അമ്മ മരിച്ചുപോയ അവൾക്ക് തണലായി അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവളുടെ സങ്കടത്തിനും സന്തോഷത്തിലും അവളുടെ ഒപ്പം ഉണ്ടായിരുന്നത് അവളുടെ അച്ഛൻ മാത്രമായിരുന്നു. അച്ഛന്റെ കഷ്ടതകൾ അറിയുമായിരുന്ന ആ മകൾ അച്ഛനോട് ഒരിക്കലും ഒന്നും ചോദിച്ചിട്ടില്ല. അച്ഛൻ അവൾക്ക് അറിഞ്ഞ് സമ്മാനിച്ചിട്ടേയുള്ളൂ. അച്ഛൻ അടുത്തില്ലെങ്കിൽ അവൾക്ക് ഭയമായിരുന്നു. അങ്ങനെ അച്ഛന്റെ പൊന്നുമോളായി അവൾ വളർന്നുവരികയായിരുന്നു.



അവൾക്കിപ്പോൾ പതിനഞ്ച് വയസ്സ് തികയുന്നു. മകളുടെ കുറുമ്പും കുസൃതിയും നോക്കി കണ്ട് സന്തോഷമായി ജീവിച്ച അച്ഛന് പെട്ടെന്ന് ഒരു അസുഖം പിടിപെടുന്നു . രോഗമെന്താണെന്ന് ഡോക്ടർമാർക്ക് പോലും നിർണയമില്ല. മകളിൽ നിന്നും അദ്ദേഹം അത് മറിച്ചുവെച്ചു. ഓരോ രാത്രിയും അയാളുടെ മനസ്സിൽ ഒരു ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു. താൻ മരണപ്പെട്ടാൽ തന്റെ മകൾ എങ്ങനെ ജീവിക്കും? തനിക്ക് ആണെങ്കിൽ സ്വന്തം എന്ന് പറയാൻ ആരുംതന്നെയില്ല. അനാഥാലയത്തിൽ ജനിച്ചും വളർന്നതും ഒരു അനാഥയെ തന്നെ കല്യാണം കഴിച്ചതും മകൾ പിറന്നതും ഭാര്യയുടെ മരണവും എല്ലാം അദ്ദേഹം ആ നിമിഷം ഓർത്തു. തന്റെ മകളും അവളുടെ അച്ഛനെയും അമ്മയെയും പോലെ അനാഥാലയത്തിൽ കഴിയേണ്ട വരുന്നത് അദ്ദേഹം ആലോചിച്ചു. അയാളുടെ കണ്ണിൽനിന്ന് ഒരു കണ്ണുനീർത്തുള്ളി ഒലിച്ചിറങ്ങി.

ഒരിക്കൽ അച്ഛൻ മരണപ്പെട്ടു. അച്ഛനെ കുറിച്ച് ഓർത്ത് വിഷമിച്ചിരുന്ന അവളുടെ മുന്നിലേക്ക് ഒരു സിസ്റ്റർ കടന്നുവന്നു. അവളെ കൂട്ടിക്കൊണ്ടു പോകാൻ വന്നതായിരുന്നു. അനാഥാലയത്തിലേക്ക് മകളെ പൊന്നുപോലെ നോക്കാൻ അദ്ദേഹം സമ്പാദിച്ച മുഴുവൻ പണവും അവിടെ നൽകിയിരുന്നു. അച്ഛന്റെ നിസ്സഹായത അവൾ അച്ഛന്റെ ചിത്രത്തിലൂടെ കണ്ടു. അച്ഛനെ മറക്കാൻ അവൾ തയ്യാറായിരുന്നില്ല. പോകുമ്പോൾ പെട്ടെന്ന് ഒരു നിമിഷം അവൾ തിരിഞ്ഞുനോക്കി അച്ഛനോടുള്ള സ്നേഹം അവരുടെ കണ്ണുകളിൽ നിന്ന് തീച്ചൂളയായി ഒഴുകിവന്നു. അവൾക്ക് നഷ്ടമായത് ഒരു തണൽ മരം ആയിരുന്നു.

തേജിമ വി.ഒ
പത്താം തരം

# മഴ പറയുന്നത്



കവിത

ഞാൻ മഴ...
പലർക്കും ദുഃഖമായും കുളിരായും
ഞാൻ പെയ്തിറങ്ങാറുണ്ട്...
ആരെയും വേദനിപ്പിക്കണമെന്ന്
ഞാൻ സ്വയം ചിന്തിക്കാറില്ല...
നിങ്ങളുടെ പ്രവർത്തികൾ തന്നെ-
യാണ് എന്നെ ദുരന്തമായി
നിങ്ങളിലേക്കെത്തിക്കുന്നത്...
ഒരിറ്റു ജലത്തിനായി
കാത്തിരിക്കുന്നവർക്ക്
ഞാൻ സാന്ത്വനമാണ്...
എന്നാൽ ഞാൻ പോലു-
മറിയാതെ നിങ്ങളുടെ
ജീവിതം ഞാനാൽ നശിക്കുന്നു...
മനസ്സിൽ കാത്തുസൂക്ഷിക്കാവുന്ന
ഒരു കുളിരോർമയായ്...
ഏവർക്കും ആശ്വാസ തുള്ളികളായ്...
നാളെയുടെ കരുതലായ്....
കളിചിരിമേളങ്ങളായ്...
ആഹ്ലാദത്തിമിർപ്പായ്...
പെയ്തിറങ്ങാൻ കൊതിക്കുന്ന എന്നെ...
എന്തിനു നിങ്ങൾ
കുറ്റവാളിയാക്കുന്നു?

ശ്രീ നന്ദ എ
ഒൻപതാം തരം

# അവൾ തിരിഞ്ഞു നോക്കി

കഥ

ഒരു ഗ്രാമം, ആ ഗ്രാമത്തിൽ ഒരു പാവപ്പെട്ട കർഷകൻ ഉണ്ടായിരുന്നു. ആ കർഷകൻ വിവാഹിതനായിരുന്നു. തങ്ങളുടെ കല്യാണം കഴിഞ്ഞിട്ട് 20 വർഷം തികയുന്ന ദിവസമായിരുന്നു അവർ കാത്തിരുന്ന സന്തോഷം വന്നെത്തിയത്. ഇത്രയും വർഷത്തിനിടയിൽ കിട്ടാത്ത സന്തോഷം. ആ സന്തോഷം എന്നത് അവർക്കിടയിൽ ഒരു കുഞ്ഞു പിറന്നു എന്നതായിരുന്നു. പക്ഷേ ആ ദിവസം തന്നെയായിരുന്നു കർഷകന്റെ ജീവിതത്തിലെ ഏറ്റവും ദുഃഖമുള്ള ദിവസം. താൻ കാത്തിരുന്ന് തന്റെ പൊന്നോമന ജനിച്ചു. എന്നാൽ തന്റെ പ്രിയപ്പെട്ട ഭാര്യയെ അയാൾക്ക് നഷ്ടമായി. അവർ കാത്തിരുന്ന കുഞ്ഞിനെ ഒരുമിച്ച് താലോലിക്കാൻ അവർക്ക് കഴിഞ്ഞില്ല. അയാൾ തന്റെ കുഞ്ഞിനു പേരിട്ടു. അമ്മു. അങ്ങനെ വർഷങ്ങൾ കടന്നുപോയി. അമ്മു വളർന്നു.അവളെ പഠിപ്പിച്ച അമ്മുവിനെ വളർത്തിയതും അവളെ പഠിപ്പിച്ചതും എല്ലാം അയാൾ ഒറ്റക്കായിരുന്നു. ആ കൊച്ചു കുടിലിൽ അവർ സന്തോഷത്തോടെ കഴിഞ്ഞു. അവൾ വളർന്നത് അയാൾ അറിഞ്ഞതേയില്ല. അവൾ എല്ലാം കാര്യത്തിലും മിടുക്കിയായിരുന്നു. ഒരു ദിവസം, അത് അവളുടെ ഹയർ സെക്കൻഡറി പരീക്ഷയുടെ മാർക്ക് വന്ന ദിവസമായിരുന്നു.



എല്ലാ വർഷത്തെയും പോലെ ഈ വർഷവും അവൾ നല്ല മാർക്ക് വാങ്ങിച്ചു. അതിൽ അവളെക്കാൾ സന്തോഷിച്ചത് അവളുടെ അച്ഛനായിരുന്നു. അവൾക്ക് ഇനി വേണ്ടത് തുടർന്നുള്ള പഠനമായിരുന്നു. പക്ഷേ അത് ചെയ്തു കൊടുക്കാൻ ആ പാവം കർഷകന് കഴിഞ്ഞില്ല. കാരണം, മാർക്ക് അറിഞ്ഞിടതിന്റെ പിറ്റേദിവസം തന്റെ ജോലിയും കഴിഞ്ഞ് അയാൾ വീട്ടിലേക്ക് വന്നു. അന്ന് ആ കർഷകൻ വളരെ അവശനായിരുന്നു. ജോലി കഴിഞ്ഞു വന്നു തന്റെ മകളുടെ മടിയിൽ കിടന്നു. അവളുടെ മുഖത്തേക്ക് നോക്കിക്കൊണ്ടും മരണത്തിലേക്ക് യാത്രയായി. അച്ഛൻ മരിച്ച ശേഷം അവളുടെ മനസ്സ് തളർന്നു. പക്ഷേ അവൾ ജീവിതത്തിൽ തോറ്റു കൊടുത്തില്ല. ആദ്യം അവൾ ഒരു ചായ പീടികയായിരുന്നു വെച്ചത്. കാരണം, അവൾക്ക് അവളുടെ ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ മറ്റൊരു വഴിയും ഉണ്ടായിരുന്നില്ല. പിന്നെപ്പിന്നെ പതിയെപ്പതിയെ അവൾ ഉയരങ്ങളിൽ എത്താൻ തുടങ്ങി. ചായ പീടിക പലവ്യഞ്ജന പിടികയായും അത് പിന്നെ അത്യാവശ്യ സാധനങ്ങൾ എല്ലാം കിട്ടുന്ന ഒരു വലിയ പീടികയായും മാറി. അങ്ങനെ കിട്ടുന്ന പണം കൊണ്ട് നിർത്തിവെച്ച തന്റെ വിദ്യാഭ്യാസം തുടരാൻ അവൾ തീരുമാനിച്ചു. കച്ചവടവും വിദ്യാഭ്യാസവും ഒരുപോലെ കൊണ്ടുപോയി. അവൾ പഠിച്ച തന്റെ പീടികയിൽ തുടങ്ങിയ കച്ചവടം ഒരു വലിയ ബിസിനസ്

ആയി മാറി. അവളുടെ ജീവിതം പച്ചപിടിച്ചു. അങ്ങനെയിരിക്കെ ഒരു ഒരു ദിവസം അവൾ അവളുടെ മാതാപിതാക്കളുടെ കുഴിമാടത്തിനരികത്ത് പോയി. തന്റെ മരിച്ചുപോയ അച്ഛന്റെയും താൻ കാണാത്ത തന്റെ അമ്മയുടെയും അടുത്ത്. അവിടുന്ന് കഴിഞ്ഞുപോയ കാലത്ത് അവൾ തിരിഞ്ഞുനോക്കി.

റിയ ഫാത്തിമ

# ആ നോട്ടം

കഥ

ഒച്ചയില്ല, അനക്കമില്ല, ചുറ്റും നിശബ്ദത, പെട്ടെന്ന് എവിടെയൊക്കെ ഒരു ബഹളം. ശാന്തമായൊഴുകുന്ന പുഴയായിരുന്നു അത്. പെട്ടെന്നാ നിശബ്ദവസന്തം ഇളകി മറിഞ്ഞു. വെള്ളത്തിലൊരനക്കം. തന്റെ പ്രിയതമനേയും കാത്ത് മുളകൊണ്ടുള്ള ബെഞ്ചിൽ ഇരിക്കുകയായിരുന്നു അവൾ. അവൾ ഒറ്റക്കല്ല, തന്റെ ശരീരത്തിൽ അവളുടെ ജീവന്റെ പാതിയായ അവന്റെ പാതി ജീവൻ ഒളിപ്പിച്ചുകൊണ്ട് നിൽക്കുകയായിരുന്നു. അവൾ പൂർണ്ണ ഗർഭിണിയാണ്. തന്റെ പൊന്നോമന പുത്രന്റെ വരവും കാത്തു നിൽക്കുന്ന അവളുടെ പ്രിയതമൻ കൊത്തിക്കൊറിക്കാൻ എന്തെങ്കിലും സാധനം അന്വേഷിച്ചു പോയതാണ്. അപ്പോഴാണ് ആ ഇളക്കം കേട്ടത്. ചുറ്റുമുള്ളവരെല്ലാം പുഴയുടെ അരികിലേക്ക് ഓടുന്നു. ആകെ ബഹളമയം. കാര്യമെന്താണെന്നറിയാതെ അവൾ തന്റെ കുഞ്ഞുമൊത്ത് കുശലം പറയുകയായിരുന്നു. പെട്ടെന്ന് അവളുടെ ഉള്ളൊന്ന് പിടഞ്ഞു. എന്തോ നഷ്ടപ്പെടുന്നത് പോലെ അവൾക്ക് തോന്നി. പ്രകൃതി അവളോട് ക്രൂരത കാണിക്കാൻ എന്നപോലെ നോക്കി. അവൾ വളരെ പാടുപെട്ട് ആ പുഴയിലേക്ക് തിരിഞ്ഞു നോക്കി. ആ നോട്ടം അവളെ തളർത്തി കളഞ്ഞു. ജീവൻ പോകുന്നത് പോലെ തോന്നി. എന്താണെന്നാൽ അവളുടെ ജീവൻ, തന്റെ കുഞ്ഞിന്റെ ഒരേയൊരു അവകാശി ആ വെള്ളത്തിൽ ശ്വാസം കിട്ടാതെ വലയുന്നു. മരണം മുന്നിലുണ്ട്, എങ്കിലും ആർക്കോവേണ്ടി അയാൾ മരണത്തോട് മല്ലിടുന്നുണ്ട്. പക്ഷേ എന്തുചെയ്യാൻ?



ജനങ്ങൾ മുഴുവൻ അവിടെയുണ്ടെങ്കിലും ഒരാൾപോലും ഒരടി മുന്നോട്ടുവച്ചില്ല. നോക്കിനിൽക്കുക മാത്രം. പൂർണ ഗർഭിണിയായ അവൾ ഇഴഞ്ഞിഴഞ്ഞ് അവിടെയെത്തി. അവളുടെ കരച്ചിൽ ഭയാനകമായിരുന്നു. ആ പുഴ മുഴുവൻ അലയടിക്കുന്നുണ്ടായിരുന്നു. ആരും അത് കേട്ടില്ല. ഒരടി മുന്നോട്ട് വെച്ചില്ല. തന്റെ കുഞ്ഞിനെയും കൊണ്ട് അവൾക്ക് എന്ത് ചെയ്യാൻ കഴിയും. ലോകത്തിലെ ഏറ്റവും നിർഭാഗ്യവതിയായ പെണ്ണ്. സ്വന്തം ജീവൻ പോകുന്നത് നോക്കി നിൽക്കേണ്ടി വന്ന അവസ്ഥ. പൂർണ്ണമായും നിസ്സഹായ. അവൻ അവിടെ മരിച്ചു. മരിച്ച മൃതശരീരം എടുക്കാൻ പോലും ആളില്ല. അതെ അവളും പോയിരിക്കുന്നു. ഒരു കുഞ്ഞിനെയും അവൾ കൊന്നു. മൂന്ന് മൃതശരീരം ആ പുഴയിൽ കിടന്നു. ആ തിരിഞ്ഞുനോട്ടം രണ്ട് ജീവനെ കൂടി കൊണ്ടുപോയി.

തമന്ന തൻസീർ കെ
ഒൻപതാം തരം

# Malala Yousafzai

Article
Malala Yousafzai was born in Pakistan on July 12,1997. She is fluent in three languages English, Pashto and Urdu. During most of her childhood, Malala was educated by her father. When the Taliban began excluding women for education, Malala said "how did the Taliban take away my basic right to education?" In 2009, Malala began blogging about her life for the British Broadcasting Company (BBC). She wrote in her blogs that she would continue to study for her exams, even though she had been banned from attending school in 2011, she was nominated for the International Children's Peace Prize. As Malala become more recognised, people began to threaten her life in 2012 she was shot on her way home from taking an exam in 2013, Malala spoke before the United Nations and Queen Elizabeth 11 in 2014, she was awarded the Nobel Peace Prize on her 18th birthday, Malala opened a school for girls in Lebanon.



FATHIMA RAZANA K

# കാറ്റ് കൊണ്ടുവന്നത്

കഥ

ജീവിതത്തിന്റെ ഓരോ നിമിഷങ്ങളും അനുഭവസാധ്യമാണ്. അത്തരം അനുഭവങ്ങളെ എല്ലാം ഞാൻ പിന്നീട് നമ്മുടെ ഓർമ്മച്ചെപ്പിൽ നിക്ഷേപിക്കുന്നു. വെറുതെയിരിക്കുമ്പോൾ അതിൽ ഓരോന്നെടുത്ത് കുറിച്ചാൽ പറന്നെത്തുക കൈപ്പും മധുരവും എരിവും പുളിയും നിറഞ്ഞ ഒരുപാട് രസങ്ങൾ ആയിരിക്കും. വൈകുന്നേരത്തെ ഇളം കാറ്റുമേറ്റ് ചാരുപടിയിൽ ഇരിക്കുമ്പോഴാണ് ഏതോ ഒരു കാറ്റ് വന്നു മുടിയിൽ തഴുകിയത്. ആ കാറ്റിന് ഒരു കോഴിക്കോട് മണം ഉണ്ടായിരുന്നു. ഒരു വെക്കേഷൻ ദിനത്തിലാണ് എന്റെ ഫാമിലിയിൽ ടൂറിനെ കുറിച്ചുള്ള സംസാരം ഉയർന്നത്. അത് എത്തിച്ചത് കോഴിക്കോട് ജില്ലയിൽ ആയിരുന്നു. ഹൽവയുടെയും ബിരിയാണിയുടെയും സുഗന്ധം ഏറ്റു ഗുളികതയായി നിൽക്കുന്ന ആ സാമ്രാജ്യത്തെ ഒന്ന് നിസ്കരിച്ച് കാണുകയായിരുന്നു ലക്ഷ്യം. പക്ഷേ എല്ലാം കഴിഞ്ഞിട്ട് സമയം മാത്രം ബാക്കി ആയതോടെ ഇനിയെന്ത് എന്നായി എല്ലാവരും. അങ്ങനെയാണ് ഞങ്ങൾ ആ കോട്ടയിലേക്ക് എത്തിയത്. അത് വെറും കോട്ടയായിരുന്നില്ല ഓരോ വിശ്വാസത്തിലും മുലപ്പാലിന്റെ മധുരവും താരാട്ടിന്റെ ഈണവും കൊതിച്ച കുഞ്ഞുങ്ങളുടെ കോട്ടയായിരുന്നു. അനാഥാലയത്തിന്റെ ഓരോ പടി ചവിട്ടുമ്പോഴും ഞാനെന്റെ അമ്മാവനെ പഠിച്ചു കൊണ്ടിരുന്നു.



ഇല്ലാതാക്കാൻ വേണ്ടി കൊണ്ടുവന്നതാണെന്ന് ഞാൻ പറഞ്ഞു. പക്ഷേ അവരാരും തന്നെ അത് കേട്ടില്ല. നടന്നു നടന്നു ഞങ്ങൾ എത്തിച്ചേരുന്നത് വലിയൊരു മൈതാനത്തിൽ ആയിരുന്നു. അവിടെ ഒരുപാട് കുട്ടികൾ നിഷ്കളങ്കതയോടെ ഞങ്ങളെ നോക്കിക്കൊണ്ടിരുന്നു. ഞങ്ങളിൽ അവരെന്തോ തേടുന്നതായി എനിക്ക് തോന്നി. എന്റെ മാതാപിതാക്കൾ അവരോട് സംസാരിച്ചുകൊണ്ടിരുന്നു. ആ മൈതാനത്തിന്റെ ഒരു വശത്ത് ചെറിയൊരു ബെഞ്ച് ഇട്ടിട്ടുണ്ടായിരുന്നു. അത് കണ്ട പാടെ ഞാൻ അവിടെ പോയിരുന്നു. അമ്മയുടെ സ്പർശനമേൽക്കാതെ അച്ഛന്റെ തലോടൽ ലഭിക്കാതെ ആ കുഞ്ഞുമക്കൾക്ക് വേണ്ടി എനിക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് ഞാൻ ചിന്തിച്ചു. പെട്ടെന്നാണ് എന്റെ അരികിൽ ഒരു കുട്ടി വന്നിരുന്നത്. ഞാൻ അവന്റെ കണ്ണിൽ ഒരുപാട് കദനങ്ങൾ കണ്ടു. ഞാനവനോട് ഒരുപാട് കാര്യങ്ങൾ ചോദിച്ചു. ഞാൻ അവന്റെ പേര് ചോദിച്ചു അവൻ അതും പറഞ്ഞില്ല. ഞാൻ പിന്നെ ഒന്നും മിണ്ടിയില്ല. കീറിമുറിച്ച് ആ പിഞ്ചു കുഞ്ഞുങ്ങളുടെ അളിയാരങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. ഞാനൊരിക്കൽ കൂടി അവനെ നോക്കി. അവൻ അവിടെ തന്നെ ഉണ്ടായിരുന്നു ഏതോ അകലത്തിലേക്ക് കണ്ണുംനട്ട് ആരെയോ പ്രതീക്ഷിച്ചുകൊണ്ട് അവൻ അങ്ങനെ ഇരിക്കുകയാണ്. എന്റെ ബാഗിലെ ചെറിയ മിഠായി ഞാൻ പതിയെ പുറത്തെടുത്തു. അപ്പോഴവൻ മെല്ലെ എന്നെ നോക്കി. അവന്റെ കണ്ണിലെ തിളക്കം ഞാൻ മനസ്സിലാക്കി. തിരികെ പോവാനുള്ള സമയമായി കഴിഞ്ഞിരുന്നു ഞാൻ അവന് മിഠായി നൽകി. അത് കിട്ടിയ ഒന്നും പറയാതെ അവൻ ഓടി. ഞാൻ എഴുന്നേറ്റ് എന്റെ മാതാപിതാക്കളുടെ കൂടെ നടന്നു. പെട്ടെന്ന് ആരോ എന്റെ ബാഗിൽ വലിച്ചു. ഞാൻ തിരിഞ്ഞു നോക്കി. അത് ആ കുട്ടിയായിരുന്നു. അവൻ എന്നോട് തനിക്ക് മിണ്ടാൻ കഴിയില്ലെന്ന്

ആംഗ്യഭാഷയിൽ പറഞ്ഞു. ഞാൻ പിന്നെ ഒന്നും മിണ്ടിയില്ല. അവന്റെ തലയിൽ ഒന്ന് തലോടി. എന്നിട്ട് പതിയെ നടന്നു. കുറച്ച് അകലെ എത്തിയപ്പോൾ ഞാൻ എന്റെ കൈ എന്റെ മാതാപിതാക്കളുടെയുമായി കോർത്തുകെട്ടി. എന്റെ അമ്മാവനെ നോക്കി പുഞ്ചിരിച്ചു.

ഹിബ ഫാത്തിമ കെ
എട്ടാം തരം

# ആരോഗ്യം - നമ്മുടെ നാട് നേരിടുന്ന വെല്ലുവിളികൾ

ലേഖനം

ഒരു നല്ല ജനതയെ വളർത്തിയെടുക്കുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്ന ഒന്നാണ് ആരോഗ്യരംഗം. പകർച്ചവ്യാധികളും മറ്റു മാരകരോഗങ്ങളും പടർന്നുപിടിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു നല്ല ആരോഗ്യരംഗം ഉണ്ടെങ്കിൽ മാത്രമേ നമുക്ക് അതിനെതിരെ ചെറുത്തു നിൽക്കാൻ സാധിക്കുകയുള്ളൂ. രാജ്യത്തെ കാക്കുന്ന പട്ടാളക്കാരെ പോലെ രോഗികളെ കാക്കാൻ അവർക്ക് നല്ല ശുശ്രൂഷ നൽകാൻ ഏറ്റവും ആവശ്യമായ ഒന്നാണ് അഴിമതി രാഹിതമായ ഒരു ആരോഗ്യരംഗം. ഇന്ന് ആരോഗ്യരംഗത്തെ സേവനങ്ങളെ പണമുണ്ടാക്കാനുള്ള മാർഗമായിട്ടാണ് പലരും ഉപയോഗിക്കുന്നത്. സേവനത്തിന്റെ പിന്നിൽ അഴിമതി നടത്തുന്ന ഒരു ചെറിയ വിഭാഗം ആരോഗ്യ പ്രവർത്തകരായ ഡോക്ടർമാർ, നേഴ്സുമാർ, മറ്റു ആശുപത്രി ഉദ്യോഗസ്ഥർ തുടങ്ങിയവരാണ് ആരോഗ്യ രംഗത്തിന്റെ ശാപം. ചെറിയ ചികിത്സക്ക് വേണ്ടി വരുന്ന പാവപ്പെട്ട ആളുകളെ അവരുടെ അറിവില്ലായ്മ മുതലെടുത്ത് അതിനെ ചൂഷണം ചെയ്യുന്ന ഒരുപാട് ഡോക്ടർമാർ ഇന്നുണ്ട്. ദൈവത്തിനു തുല്യം മനുഷ്യരുടെ മനസ്സിൽ ആരുമില്ല എന്ന് മതഗ്രന്ഥങ്ങൾ പഠിപ്പിക്കുന്ന സാഹചര്യത്തിലും ഡോക്ടർമാരെ ദൈവതുല്യമായി കാണുന്ന ഒരു ജനതയാണ് നമ്മുടേത്. ആ ദൈവങ്ങളാണ് സ്വന്തം ജനത്തെ ചൂഷണം ചെയ്ത് പണം ഉണ്ടാക്കുന്നത്. വിദ്യാഭ്യാസമില്ലാത്തവരും സാമ്പത്തികമായി മുന്നോട്ട് നിൽക്കുന്നത് സമ്പത്തിന്റെ ഉപയോഗത്തിലും ഒക്കെ ഇന്ന് ആശുപത്രികളിൽ വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച്



ജോലിയിൽ പ്രവേശിക്കുന്ന ഒരുപറ്റം ആളുകളുണ്ട്. എന്നിരുന്നാലും രോഗികളുടെ രോഗം മാറ്റി അവരെ പൂർണ ആരോഗ്യവന്മാരാക്കി തിരികെ നൽകുക എന്ന ഉത്തരവാദിത്വത്തോടെ അവരെ സൂക്ഷിക്കുകയും ചികിത്സിക്കുകയും ചെയ്യുന്നവരും ഈ നാട്ടിലുണ്ട്. ഒരാൾ തെറ്റുകാരൻ ആണെങ്കിൽ ആ കൂട്ടം മുഴുവൻ അങ്ങനെ ആയിരിക്കും എന്ന് വിചാരിക്കുന്ന ഒരുപറ്റം ആളുകൾ മറ്റുള്ളവരിലേക്കും ഈ ചിന്ത പകർന്നു കൊടുക്കുന്നു. ഇങ്ങനെ ആരോഗ്യ രംഗത്ത് എല്ലാവരെയും കുറ്റക്കാരാക്കി മാറ്റാൻ ശ്രമിക്കുന്നു. ഒരു സാമ്രാജ്യത്തെ മുഴുവൻ അടക്കിവരിച്ച നെപ്പോളിയൻ പറയുന്നത് നല്ലവരുടെ മൗനം ദുഷ്ടന്മാരുടെ അക്രമത്തെ കൂടുതൽ ദുരിതം ഉണ്ടാക്കും എന്നാണ്. നല്ലവർ ഒന്നും സംസാരിക്കാതെ ഇരുന്നാൽ അത് ദുഷ്ടന്മാരുടെ പ്രവർത്തനത്തിന് കൂടുതൽ വളം വച്ചു കൊടുക്കുന്നതിന് തുല്യമാണ്. ഒരു ജനത നന്നാവാൻ ചെറിയൊരു മാർഗ്ഗം ചെവിയിൽ പറഞ്ഞു തന്ന മലയാളത്തിന്റെ പ്രിയ കവിയാണ് കുഞ്ഞുണ്ണി മാഷ്. അദ്ദേഹം പറഞ്ഞത് സ്വയം നന്നാവാൻ ആണ്. സ്വയം നന്നാവാൻ എല്ലാവരും തീരുമാനിച്ചാൽ ലോകം മുഴുവനും സന്തോഷവും സമാധാനവും നിറഞ്ഞ ഒന്നായി മാറ്റാൻ നമുക്ക് സാധിക്കും. പണമുണ്ടാക്കാനുള്ള ഒരു ഉപാധിയായി അതിനെ മാറ്റുമ്പോഴാണ് അവിടെ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഭരിക്കുന്ന ആളുകളുടെ സ്വന്തക്കാരും മറ്റു രാഷ്ട്രീയ സാന്നിധ്യത്തിൽ ജോലി വാങ്ങുന്നതാണ് ഒരു കുഴപ്പം. പണം പണം എന്നതിന്റെ പിറകെ പോകുന്നതിന് ആരാണ് ഇതെല്ലാം സംഭവിക്കുന്നത് ആരെ കൊന്നിട്ടായാലും കാശുണ്ടാക്കണം എന്നാണ് എല്ലാവരുടെയും ചിന്ത. എന്നല്ലാതെ അധ്വാനിച്ച് പണം ഉണ്ടാകണമെന്നല്ല. മരിക്കാനായി കിടക്കുന്ന രോഗികളെ ചികിത്സിച്ച് ഭേദമാക്കാം എന്ന് പറഞ്ഞു കുടുംബത്തിന്റെ കയ്യിൽ നിന്നും പണവും വാങ്ങി രോഗി മരിച്ചാൽ ആ വിവരം അറിയിക്കാതെ കുടുംബത്തെ പറ്റിക്കുന്നവരായി എന്ന് ആരോഗ്യപ്രവർത്തകരിൽ ചിലർ മാറിയിട്ടുണ്ട്. രോഗികളെ ഒരു പരിധിവരെ തടയാൻ ഓരോരുത്തരും ശ്രമിച്ചാൽ കഴിയും. അതിനു സാധിക്കാതെ ആശുപത്രികളുടെ ചൂഷണത്തിന് വിധേയരായി മരിക്കേണ്ട അവസ്ഥയാണ് ദയനീയം. സ്ത്രീകൾ സമൂഹത്തിൽ സുരക്ഷിത സുരക്ഷിതരല്ല എന്ന്

നമുക്കറിയാം.എങ്കിലും ആശുപത്രികളിൽ സ്ത്രീകൾ സുരക്ഷിതരായിരുന്നു കുറച്ചുനാൾ മുമ്പ് വരെ. എന്നാൽ ഇപ്പോൾ ചികിത്സക്ക് വേണ്ടി വന്ന രോഗി ഡോക്ടറെ കൊല്ലുന്നു. രോഗിയെ ആശുപത്രിയിലെ ജീവനക്കാരൻ പീഡിപ്പിക്കുന്നു ഇതെല്ലാം ദൈവത്തിന്റെ സ്വന്തം നാട് എന്ന് നമ്മൾ കേരളീയൻ അഭിമാനത്തോടെ പറയുന്ന കേരളത്തിൽ തന്നെയാണ് നടക്കുന്നത് എന്നതിലാണ് സങ്കടം പണത്തിനും സ്വന്തം സുഖത്തിനും വേണ്ടി എന്തും ചെയ്യാൻ തയ്യാറായി നിൽക്കുന്ന ഒരു കൂട്ടം ആളുകളാണ് ആരോഗ്യപ്രവർത്തകരായി വെള്ള ചമഞ്ഞ വസ്ത്രങ്ങൾ ധരിച്ച് മാലാഖമാരെ പോലെ എന്നാൽചെകുത്താനായി വന്നത്. അലക്സാണ്ടർ ചക്രവർത്തി പറഞ്ഞിട്ടുള്ളത് പോലെ ഞാൻ മരിച്ചു കഴിഞ്ഞാൽ എന്റെ ഇരു കൈകളും പുറത്തിടണം മരിച്ചുപോകുമ്പോൾ ഞാൻ ഒന്നും കൊണ്ടുപോകുന്നില്ല എന്ന് മനസ്സിലാക്കാൻ വേണ്ടി. അതുപോലെ സമ്പാദിച്ചു കൂട്ടുന്നത് മുഴുവൻ ഈ ഭൂമിയിൽ വെച്ച് ഒരു ദിവസം എല്ലാവരെയും പോലെ യാത്രയാകേണ്ടവരാണ് നമ്മൾ. അതിനിടയിൽ ഒരു നല്ല മനുഷ്യനായി ജീവിച്ച് കുറച്ച് പേരുടെ ഹൃദയത്തിൽ ജീവിക്കാൻ കഴിഞ്ഞ നമ്മുടെ ജീവിതം ധന്യമായി മാറും. ഒരു ഫീനിക്സ് പക്ഷിയെ പോലെ ഏത് ചാരത്തിൽ നിന്ന് പോലും പുതുജീവനോട് ചിറകടിച്ചു ഉയർന്നു വരാൻ നമ്മുടെ ആരോഗ്യരംഗത്തിന് സാധിക്കുന്ന ഒരു ദിനം വരും. അന്ന് കേരളം മഹാബലിയുടെ കാലത്തുണ്ടായിരുന്നതുപോലെ യുദ്ധമോ വഴക്കുകളോ ഒന്നുമില്ലാത്ത യാഥാർത്ഥ ദൈവത്തിന്റെ സ്വന്തം നാടായി മാറും. ആ ഒരു ദിനത്തിന് വേണ്ടി കാത്തിരിക്കാൻ ഈ ഭൂമിയിൽ ഒരുപാട് പേർ ജീവനോടെ ഉണ്ടാകണം അതിന് ആരോഗ്യരംഗം കാരണമാകട്ടെ എന്ന് വിശ്വസിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കുഞ്ഞുണ്ണിമാഷ് പറഞ്ഞതുപോലെ 'സ്വയം നന്നാവുക'.

അലീന ബെന്നി
പ്ലസ് ടു സയൻസ്

# കോവിഡ് പകർന്ന പാഠങ്ങൾ



ലേഖനം

രണ്ട് വർഷത്തിലധികം നീണ്ടുനിന്ന മനുഷ്യ വർഗത്തെയാകെ ഇളക്കി മറിച്ച വലിയൊരു വിപത്താണ് കോവിഡ്. ജാതിയെന്നോ മതമെന്നോ വ്യത്യാസമില്ലാതെ എല്ലാവരും ഒരുപോലെ അനുഭവിച്ചു. കോവിഡ് വന്നാൽ ഉണ്ടാകുന്ന അവസ്ഥ അനുഭവിച്ചവരും അല്ലാത്തവരും ഒരുപോലെ മനസ്സിലാക്കി. ക്വാറന്റൈനിൽ കിടക്കുന്നവരെ ഭക്ഷണങ്ങളും മറ്റു പല ആവശ്യസാധനങ്ങളും എത്തിച്ചു നാം സഹായിച്ചു. നാടിനെ ആകെ ബാധിക്കുന്ന ഒരു പ്രശ്നം എല്ലാവരും ഒത്തുചേർന്ന് എങ്ങനെ മറികടക്കാം എന്ന് നാം പഠിച്ചു. കോവിഡ് എന്നത് എത്ര ഭീകരമാണെന്ന് രണ്ടു വർഷത്തിനകം വളരെ നന്നായി മനസ്സിലായി. എല്ലാവരും അവരവരുടെ കാര്യം മാത്രം നോക്കി പോവുകയാണെങ്കിൽ ഒരിക്കലും ഇത് പൂർണ്ണമായും നശിപ്പിക്കാൻ കഴിയുമായിരുന്നില്ല. പ്രളയം അനുഭവിച്ചപ്പോഴും മനുഷ്യന്റെ ഈ സ്വഭാവം നമുക്ക് മുന്നിൽ തുറന്നു കണ്ടു. കൊറോണ രോഗിയായ ഒരാൾക്ക് അറിയാം സമൂഹവും ചുറ്റുപാടും അവരെ എത്രമാത്രം പിന്തുണച്ചു എന്ന്. സ്വന്തം ജീവൻ പോലും ബലിയർപ്പിച്ച് നമുക്ക് വേണ്ടി സേവനമർപ്പിച്ച് ആരോഗ്യപ്രവർത്തകരെ ഈ നിമിഷം നാം എന്തായാലും സ്മരിക്കണം. കോവിഡ് ബാധിച്ചു മരിച്ചവരിൽ ഭൂരിഭാഗം പേരും ആരോഗ്യ പ്രവർത്തകരും മറ്റു സാമൂഹ്യസേവകരും ആണ് എന്നുള്ളത് ഇതിന് ഏറ്റവും വലിയ തെളിവാണ്.

മൂന്നു വർഷക്കാലം, ഏറെ ഭയന്ന് ജാഗ്രതയോടെ വീടിനുള്ളിൽ കഴിഞ്ഞിരുന്ന നമുക്ക് ഒരിക്കലും ആ അനുഭവം മറക്കാൻ കഴിയുന്നതല്ല. ആരോടും മിണ്ടാതെ മാസ്കിനുള്ളിൽ മുഖവും പൊത്തി ഭയത്തോടെ പൊതുസ്ഥലങ്ങളിൽ നടന്നിരുന്ന ജനങ്ങളുടെ മുഖങ്ങൾ ഇന്നും മനസ്സിൽ മിന്നിമായുന്നു. ഭക്ഷണസാധനങ്ങളും മറ്റ് ആവശ്യ വസ്തുക്കളും വളരെ പാടുപെട്ടാണ് നമുക്ക് ഓരോരുത്തർക്കും ലഭിച്ചിരുന്നത്. മനുഷ്യന്റെ ആർഭാടം വളരെ മികച്ച രീതിയിൽ കുറക്കാൻ കഴിഞ്ഞു എന്നതും ഒരു നല്ല വശമാണ്. പണം ഉണ്ടായാൽ എന്തും നേടാം എന്ന ചിന്തയിൽ നിന്ന് മറ്റുള്ളവരുടെ സ്നേഹവും കരുണയും ഒത്തൊരുമയുമുണ്ടെങ്കിൽ എന്തും നേടാമെന്ന ചിന്തയിലേക്ക് മനുഷ്യൻ എത്തിച്ചേരുന്നു. പണത്തോടുള്ള അത്യാർഥികുറഞ്ഞു. മനുഷ്യരെല്ലാവരും ഒന്നാണെന്ന മനുഷ്യത്വത്തിന്റെ ചിന്ത നമ്മുടെ ഉള്ളിലുണ്ടായി. ഒരു സമൂഹത്തിലെ ഓരോ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെയും പ്രാധാന്യം നമുക്ക് മനസ്സിലായി. പോലീസ് എന്ന ഒരു വിഭാഗം, അല്ലെങ്കിൽ പരസ്പരബന്ധമുള്ള ഒരു നാട്, ആ നാട്ടിലെ നമ്മുടെ അയൽക്കാർ, ഡോക്ടർമാർ ഇങ്ങനെ ഇവരോരുത്തരുടെയും പങ്കില്ലായിരുന്നുവെങ്കിൽ ഇതൊന്നും നമുക്ക് നേടാൻ കഴിയില്ലായിരുന്നു.

തമന്ന തൻസീർ കെ
ഒൻപതാം തരം

# Moonlight

***Poem***



My heart is full on light
Because I look at the moon light

My eyes are so dark.
But the moon light is so glowing

People heart’s so dark
But my heart’s so bright

My mind is going through the sky
Because the moon light smiling for me

The brightness of the moon light
To unfear the people.

My dreams so full on moonlight
One day I am going from its.

Moon light is not a word
People’s to equal the world

My eyes are full on moonlight
My hands are flying and from the sky

Moonlight ! Moonlight were are you going.
Please stop my heart is full on darkness.

You are right
I still the might

You coming the night.
I still the might.

Please stop
You will the gift from the drop

You are the God
I like the mood.

Muhammed Shanif

# My dream is blooming at last



Article

It was a pleasure morning. I was reading the book of Sheheen Mistri. Suddenly some sentences striked on mind. It says that "Sheheen mistri was writing her diary. Suddenly she noticed the line of ants. The ants are well determined and working hard to achieve their goal. At that point Sheheen Mistri looked to herself and asked where am I destined?" This incident really made me to think that what my dream is and what and all I am doing to achieve it. I just analysed myself.

In my childhood days I was very fond of aeroplanes and I always used to feel jealous towards piolets are man. So I felt myself unique to have such dream.

At that moment I firmly took a decision that "I was totally confused about my first step. I went near to father and mother and explained them about my dream. They laughed by hearing this. They said me is this a dream? They told me that this dream is never gonna fulfill. Womens are not allowed to do such kind of duties. And they supressed my dream. But their word really made me strong and stubborn. So I just took the decision to achieve it in anyways and make my parents proud even after seeing my success. I don't even know how to drive a car. But my dreams is big. I faced many challenges even from my home to achieve this dream. I went to study the related course. But my parents didn't support me. But after somedays they themselves realised that I was serious and I was not going to drop this. And atlast they supported me. I was so happy and I felt myself confidence. I studied the related courses and the related authorities approved me.

The unforgettable day in my life was february 10. I was sleeping and suddenly my mom came and told

me to wake up with full excitement. I was totally shocked and she handed over me the letter which arrived in the morning. I opened the letter and read it. At that moment I felt myself proud to recieve such letter. The letter was invitation for the selection of pilots.

ഫാത്തിമത്ത് സഫ
പ്ലസ് ടു സയൻസ്

# നന്ദി